# നീര ഉൽപാദനത്തിനും വിതരണത്തിനും 7 ഏജൻസികൾക്ക് അനുമതി നൽകും

## കൊച്ചി നഗരത്തിലെ ശുദ്ധജല വിതരണ പദ്ധതി ഒന്നാം ഘട്ടത്തിന് 238.53 കോടി രൂപ ഭരണാനുമതി

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം● സംസ്ഥാനത്തു നീര ഉൽപാദനത്തിനും വിതരണത്തിനും ഏഴ് ഏജൻസികൾക്ക് അനുമതി നൽകാൻ മന്ത്രിസഭ തീരുമാനിച്ചു.

കേരള കാർഷിക സർവകലാശാല, സംസ്ഥാന ബവറിജസ് കോർപറേഷൻ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി അല്ലെങ്കിൽ സമിതി, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, യഥാർഥ ശർക്കര ഉൽപാദകർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, കോക്കനട്ട് ഡവലപ്മെന്റ് കോർപറേഷൻ എന്നിവയ്ക്കാണ് ഇതിനുള്ള അനുമതി ലഭിക്കുകയെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അറിയിച്ചു.

സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങളിലെ ജീവനക്കാർക്കു പെൻഷൻ നൽകും. ടിബിജിആർഐ, കെഎഫ്ആർഐ, നാറ്റ്പാക്, സിഡബ്ല്യൂആർഡിഎം, സെസ്, കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്കാണു പ്രധാനമായും പ്രയോജനം ലഭിക്കുക.

കൊച്ചി നഗരത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കാൻ 238.53 കോടി രൂപയുടെ ഭരണാനുമതി നൽകി. ജൻറം ഫണ്ടിൽ നിന്നായിരിക്കും ഇതു നൽകുക. ബാംബൂ കോർപറേഷൻ തൊഴിലാളികൾക്കു മിനിമം വേതനം ഉറപ്പാക്കുന്നതിനു നാലു കോടി രൂപ അനുവദിച്ചു. സംസ്ഥാന സർക്കാർ ഏറ്റെടുത്ത കൊച്ചി സഹകരണ മെഡിക്കൽ കോളജ് വളപ്പിൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കായി ഡോ. വി.പി. ഗംഗാധരനെ സ്പെഷൽ ഓഫിസറായി നിയമിച്ചു.

കണ്ണൂർ ആലക്കോട് പുനരധിവാസ മേഖലയിൽ കയ്യേറി താമസിക്കുന്ന 32 പട്ടികവർഗ കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി തികയ്ക്കുന്നതിന് ആവശ്യമായ സ്ഥലം നൽകും. അവർ കയ്യേറിയ സ്ഥലമാണിത്. ചിലർക്കു സ്വന്തം ഭൂമിയുള്ള സാഹചര്യത്തിൽ അതിന്റെ കൂടെ എത്ര സ്ഥലം കൂടി നൽകിയാൽ ഒരു ഏക്കർ തികയുമോ അത്രയും നൽകും. കോഴിക്കോട് തിരുവാങ്ങൂരിൽ കേരള ഫീഡ്സിനു കാലിത്തീറ്റ നിർമാണ ഫാക്ടറി സ്ഥാപിക്കാൻ നൽകിയ ഭരണാനുമതിക്കു മന്ത്രിസഭ അംഗീകാരം നൽകി. ഇതിനായി 10.79 ഏക്കർ സ്ഥലം പാട്ടത്തിനു നൽകും.

മലബാർ കാൻസർ സെന്ററിൽ പുതുതായി തുടങ്ങിയ ഇൻപേഷ്യന്റ് ബ്ലോക്കിന്റെയും സ്റ്റെം സെൽ ട്രാൻസ്പ്ലാന്റേഷൻ പ്രോജക്ടിന്റെയും നടത്തിപ്പിനു 112 തസ്തിക സൃഷ്ടിച്ചു. മരാമത്തു വകുപ്പിൽ 2011 ജനുവരി ഒന്നിനു 10 കൊല്ലം സർവീസ് ഉള്ളവരും 500 പ്രവൃത്തിദിവസം പൂർത്തിയാക്കിയവരും 58വയസ്സ്തികയാത്തവരുമായ 85 കാഷ്വൽ ലേബർ റോൾ ജീവനക്കാരെ വർക്കർമാരായോ മറ്റേതെങ്കിലും തസ്തികയിലോ സീസണൽ ലേബർ റോൾ വിഭാഗത്തിൽ നിയമിക്കും. പിഎസ്സി തിരഞ്ഞെടുത്ത എസ്ഐമാർക്ക് ഉടൻ പരിശീലനം തുടങ്ങാൻ ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും മറ്റുമായി 1.11 കോടി രൂപ അനുവദിച്ചു.